File No.LSGD-EPA2/154/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായ ശ്രീമതി. അമ്പിളി.വി.എസ് ന്റെ സേവനപുസ്തകത്തിലെ ജനനതീയതി തിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2124/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 28/10/2021

---

പരാമർശം:-

1. സ.ഉ.(പി) നം. 45/91/ഉഭപവ തീയതി 30/12/1991
2. സർക്കുലർ 4735/Adv-C3/2008/P&ARD തീയതി 22/08/2008
3. ശ്രീമതി. അമ്പിളി.വി.എസ് സമർപ്പിച്ച 23.10.2020 തീയതിയിലെ അപേക്ഷ
4. പഞ്ചായത്ത് ഡയറക്ടറുടെ 19.05.2021 ലെ PAN/490/2021-E9(DP) നമ്പർ കത്ത്.

**ഉത്തരവ്**

1. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പറായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. അമ്പിളി.വി.എസ് ടിയാളുടെ സേവനപുസ്തകത്തിലെ ജനനതീയതി തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു. 13.05.2015 ൽ പാർട്ട് ടൈം സ്വീപ്പറായി സേവനത്തിൽ പ്രവേശിക്കുകയും 21.12.2016 തീയതിയിൽ ഫുൾ ടൈം സ്വീപ്പറായി സ്ഥാനക്കയറ്റം ലഭിച്ച് നിലവിൽ ഫുൾ ടൈം സ്വീപ്പറായി ജോലി നോക്കിവരുന്ന ശ്രീമതി. അമ്പിളി.വി.എസ് പാർട്ട് ടൈം സ്വീപ്പറായി ജോലിയിൽ പ്രവേശിച്ച സമയത്ത് സേവനപുസ്തകത്തിൽ സ്കൂൾ രേഖ പ്രകാരമുള്ള ജനനതീയതി 29.05.1976 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും എന്നാൽ ജനനസർട്ടിഫിക്കറ്റ് പ്രകാരമുള്ള ജനനതീയതി 08.10.1976 എന്നായതിനാൽ പരീക്ഷഭവൻ ജോയിന്റ് കമ്മീഷണറുടെ 14.10.2020 തീയതിയിലെ LDis.Ex/J8(4)10214/2020/CGE നമ്പർ ഉത്തരവ് പ്രകാരം സ്കൂൾ സർട്ടിഫിക്കറ്റിൽ ജനനതീയതി 08.10.1976 എന്ന് തിരുത്തി നൽകിയിട്ടുള്ളതായും ആയതിനാൽ സ്കൂൾ രേഖയിൽ ജനനതീയതി 08.10.1976 എന്ന് തിരുത്തിയതിൻ പ്രകാരം സേവനപുസ്തകത്തിലെ ജനനതീയതി മാറ്റി നൽകുന്നതിനായി ടിയാൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സേവനപുസ്തകത്തിലെ ജനനതീയതി മാറ്റി നൽകുന്നതിനുള്ള അപേക്ഷ സർവ്വീസിൽ പ്രവേശിച്ച് 5 വർഷങ്ങൾക്കകം സമർപ്പിക്കേണ്ടതാണെന്നും കാലതാമസം മാപ്പാക്കണമെന്ന് കാണിച്ച് സമയപരിധി കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതാണെന്നുമാണ് പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതും ടി ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമെ ജനനതീയതി തിരുത്തുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കാവൂ എന്ന് പരാമർശം (2) സർക്കുലറിൽ നിർദേശിച്ചിട്ടുമുണ്ട്. കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം

## File No.LSGD-EPA2/154/2021-LSGD

സ്വീപ്പറായി 13.05.2015 -ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. അമ്പിളി.വി.എസ്, സേവനപുസ്തകത്തിലെ ജനനതീയതി മാറ്റി നൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്നത് 23.10.2020 തീയതിയിലാണ്. 5 മാസത്തെ കാലതാമസം ഈക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ 14.10.2020 തീയതിയിലാണ് പരീക്ഷഭവൻ ജോയിന്റ് കമ്മീഷണർ അപേക്ഷകയുടെ സ്കൂൾ സർട്ടിഫിക്കറ്റിൽ 29.05.1976 എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ജനനതീയതി 08.10.1976 എന്ന് തിരുത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതായി കാണുന്നത്. സ്കൂൾ സർട്ടിഫിക്കറ്റിൽ ജനനതീയതി തിരുത്തി 9 ദിവസത്തിനകം തന്നെ സേവനപുസ്തകത്തിലെ ജനനതീയതി മാറ്റി നൽകുന്നതിന് ടിയാൾ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. സ്കൂൾ സർട്ടിഫിക്കറ്റിൽ ജനനതീയതി തിരുത്തി ദിവസങ്ങൾക്കകം സേവനപുസ്തകത്തിലെ ജനനതീയതി മാറ്റി നൽകുന്നതിന് അപേക്ഷ സമർപ്പിട്ടുള്ള സാഹചര്യത്തിലും കോവിഡ് സംബന്ധിയായി സർക്കാർ ഓഫീസുകൾ പൂർണ്ണമായും പ്രവർത്തനസജ്ജമല്ലാത്ത കാലയളവിലുള്ള അപേക്ഷയാകയാലും കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായ ശ്രീമതി. അമ്പിളി.വി.എസ് സേവനപുസ്തകത്തിലെ ജനനതീയതി മാറ്റി നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ ഉണ്ടായ കാലതാമസം മാപ്പാക്കി നൽകാവുന്നതാണെന്ന് കാണുന്നു.

3. മേൽ സാഹചര്യത്തിൽ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായ ശ്രീമതി. അമ്പിളി.വി.എസ് സേവനപുസ്തകത്തിലെ ജനനതീയതി മാറ്റി നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ ഉണ്ടായ കാലതാമസം മാപ്പാക്കി ടിയാളുടെ സേവനപുസ്തകത്തിൽ ജനനതീയതി 08.10.1976 എന്ന് തിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല

സെക്രട്ടറി, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല

ശ്രീമതി. അമ്പിളി.വി.എസ്, ഫുൾ ടൈം സ്വീപ്പർ, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല (സെക്രട്ടറി, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/154/2021-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ